**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2405** **21-01-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ യുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ദിവാകരൻ | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.എഫ്.ഇ. യുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകുമോ; | (എ) | 1). കെ.എസ്.എഫ്.ഇ. ആസ്ഥാനമന്ദിര നവീകരണം കമ്പനി ഡയറക്ടർ ബോർഡിന്റെ 11.04.2017 തിയതിയിൽ ചേർന്ന 498-ാമത് യോഗത്തിന്റെ തീരുമാന പ്രകാരം തൃശ്ശൂരിലെ കെ.എസ്.എഫ്.ഇ. യുടെ ആസ്ഥാനമന്ദിരം നവീകരിച്ചു. 14.11.2018 ൽ കരാർ ഒപ്പുവെച്ച് 01.12.2018 ൽ നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും 09.11.2019 ൽ പൂർത്തീകരിച്ച് 10.11.2019 ൽ ബഹു.മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ചിട്ടുള്ളതുമാണ്. ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി നവീകരിച്ച ആസ്ഥാനമന്ദിരം സോളാർ വൈദ്യുത സംവിധാന ത്തിലാണ് പ്രവർത്തിക്കുന്നത്. 2). കെ.എസ്.എഫ്.ഇ. ബ്രാഞ്ച് ഓഫീസുകളുടെ നവീകരണം കെ.എസ്.എഫ്.ഇ. യുടെ ബ്രാഞ്ച് ഓഫീസുകൾ ആധുനീകരീതിയിൽ എയർകണ്ടീഷനിംഗ് സംവിധാനത്തോടുകൂടി നവീകരിക്കുന്നതിന് 26.10.2018 ലെ 519-ാം നമ്പർ ബോർഡ് യോഗത്തിൽ തീരുമാനിച്ചിരുന്നു. അതുപ്രകാരം നിലവിൽ കമ്പനിയുടെ 246 ബ്രാഞ്ചുകളും 8റീജിയണൽ ഓഫീസുകളും നവീകരിച്ചിട്ടുണ്ട്. നവീകരണം ആവശ്യമുള്ള മറ്റ് ബ്രാഞ്ചുകളുടേയും റീജിയണൽ ഓഫീസുകളുടേയും നവീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വിവിധ കമ്പനികളെ എംപാനൽ ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. 3). പ്രവാസി ചിട്ടി പ്രവാസികൾക്കായി പ്രവാസി ചിട്ടി എന്ന നൂതന പദ്ധതിക്ക് രൂപം നൽകി നടപ്പിലാക്കി. അതിനായി തിരുവനന്തപുരത്ത് പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിൽ പ്രവർത്തിക്കുന്ന ഡിജിറ്റൽ ബിസിനസ് സെന്റർ ആരംഭിച്ചു. 4) കമ്പനിയുടെ പുതിയ ലോഗോ ഉൾക്കൊള്ളുന്ന നെയിം ബോർഡുകൾ സ്ഥാപിച്ചു. 31.07.2018 ൽ ചേർന്ന |

| | | | |
|---|---|---|---|
| | | | ബോർഡ് യോഗത്തിലെ, തീരുമാനപ്രകാരം കമ്പനിയുടെ റീബ്രാൻഡിംഗ് പ്രക്രിയയുടെ ഭാഗമായി നിലവിലെ കമ്പനി ലോഗോ കാലാനുസൃതമായി പരിഷ്കരിച്ചത് നടപ്പിൽ വരുത്തുന്നതിന് ബ്രാഞ്ചുകളുടേയും മറ്റ് ഓഫീസുകളുടേയും നെയിം ബോർഡുകൾ പുതിയ ലോഗോ ഉൾപ്പെടുത്തി സ്ഥാപിച്ചു. ഹൈവെകളുടെ സമീപവും മറ്റ് പ്രാധാന്യമുള്ള ഇടങ്ങളിലും ലിറ്റ് ബോർഡുകളും മറ്റിടങ്ങളിൽ നോൺ ലിറ്റ് ബോർഡുകളുമാണ് സ്ഥാപിച്ചിട്ടുള്ളത്. 5) കെ.എസ്.എഫ്..ഇ ബ്രാഞ്ച് ഓഫീസുകളിൽ സി സി ടി വി , ഇൻ ട്രൂഷൻ ഡിറ്റക്ഷൻ സംവിധാനങ്ങൾ സ്ഥാപിച്ചു. കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകളുടെ സുരക്ഷിതത്വം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സി സി ടി വി, ഇൻട്രൂഷൻ ഡിറ്റക്ഷൻ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് 28.12.2018 ൽ ചേർന്ന കമ്പനിയുടെ 521 മത് ബോർഡ് യോഗത്തിൽ തീരുമാനിച്ചിരുന്നു. തുടർന്ന് പൊതുമേഖലാ സ്ഥാപനമായ കെൽട്രോ ണുമായി 10.01..2020 ൽ കരാർ ഒപ്പ് വെച്ച് ആദ്യ ഘട്ടമെന്ന നിലയിൽ 151 ബ്രാഞ്ചുകളുടെ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. നിലവിൽ 102ബ്രാഞ്ചുകളിൽ ടി സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. 6). പുതിയ മേഖലാ ഓഫീസുകൾ പത്തനംതിട്ടയും പാലക്കാടും കേന്ദ്രമാക്കി രണ്ട് പുതിയ മേഖലാ ഓഫീസുകൾ സ്ഥാപിച്ചു. 7). വിവരസാങ്കേതികം - കോർ ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ കെ.എസ്.എഫ്.ഇ. യുടെ എല്ലാ ബ്രാഞ്ചുകളിലും 2017 മാർച്ച് 27 മുതൽ കോർ ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ നടപ്പിലാക്കി. 8).ഓൺ ലൈൻ പണമടവ് സംവിധാനം ചിട്ടിയിലും ലോണിലും ഓൺലൈനായി പണമടക്കുന്നതിനുള്ള സൗകര്യം നടപ്പിലാക്കി. 9). മൊബൈൽ ആപ്പ് / കസ്റ്റമർ പോർട്ടൽ ഇടപാടുകാർക്കും ഏജന്റ്മാർക്കും ഉള്ള മൊബൈൽ ആപ്ലിക്കേഷനുകളുടേയും കസ്റ്റമർ പോർട്ടലിന്റേയും നിർമ്മാണ പ്രക്രിയകൾ അന്തിമഘട്ടത്തിലാണ്. 10). വിവരസാങ്കേതികം -ഹെഡാഫീസ്, റീജിയണൽ ഓഫീസ്, റവന്യൂ റിക്കവറി , ഹ്യൂമൺ റിസോഴ്സ് മാനേജ്മെന്റ് സോഫ്റ്റ് വെയർ, ഹെഡാഫീസ്, റീജിയണൽ ഓഫീസ് അക്കൗണ്ടിംഗ് ഇന്റഗ്രേഷൻ സോഫ്റ്റ് വെയർ, റവന്യൂ റിക്കവറി അക്കൗണ്ടുകൾ മാനേജ് ചെയ്യുന്നതിനുള്ള സോഫ്റ്റ് വെയർ ഹ്യൂമൺ റിസോഴ്സ് മാനേജ്മെന്റ് സോഫ്റ്റ് വെയർ എന്നിവ പ്രവർത്തന സജ്ജമാക്കി. |
| (ബി) | ഇക്കാലയളവിൽ കെ.എസ്.എഫ്.ഇ. യുടെ പുതിയ | (ബി) | ഉണ്ട്. അവ താഴെ ചേർക്കുന്നു. ജില്ല ബ്രാഞ്ച് |

| | | | |
|---|---|---|---|
| | ബ്രാഞ്ചുകൾ ആരംഭിച്ചിട്ടുണ്ടോ; ഏതെല്ലാമെന്ന് വ്യക്തമാക്കുമോ? | | തിരുവനന്തപുരം പാറശ്ശാല ഈവനിംഗ്, ഉച്ചക്കട, നഗരൂർ കൊല്ലം അഞ്ചൽ ഈവനിംഗ്, യെരൂർ, കലയപുരം, പോളയത്തോട്, കൊട്ടാരക്കര ഈവനിംഗ്, പത്തനംതിട്ട ഇലവുംതിട്ട, ഇളന്നൂർ, പുല്ലാട്, ചുങ്കപ്പാറ, ഓതറ, തെങ്ങമം, മലയാലപ്പുഴ ആലപ്പുഴ വിയ്യപുരം, ചെന്നിത്തല ഇടുക്കി അനക്കര, രാജാക്കാട് എറണാകുളം മാറമ്പിള്ളി, വളയൻച്ചിറങ്ങര, നീലീശ്വരം, പറവൂർ കവല-ആലുവ തൃശ്ശൂർ പറപ്പൂർ, എടമുട്ടം, പരിയാരം, എസ്.എൻ.പുരം, അഷ്ടമിച്ചിറ പാലക്കാട് തത്തമംഗലം, മണ്ണാർക്കാട് II, കൊപ്പം, പത്തിരിപാല മലപ്പുറം മങ്കട കോഴിക്കോട് ഓമശ്ശേരി, മണ്ണൂർ (കടലുണ്ടി) മീൻച്ചന്ത |

സെക്ഷൻ ഓഫീസർ